"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-കടയ്ക്കാമൺ ഡിപ്പോയിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്- 1 നടത്തിയ മിന്നൽ പരിശോധന-സർവ്വശ്രീ.ജി.സന്തോഷ് കുമാർ, ഡിപ്പോ ഓഫീസർ, അച്ചൻകുഞ്ഞ്.എം, ക്ലാർക്ക്, എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി-തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.105/2023/F&WLD തീയതി,തിരുവനന്തപുരം, 10-03-2023

---

പരാമർശം:- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.05.2019ലെ (E9 SC 9/2019 SIU-1) 8707/2019 നം റിപ്പോർട്ട്.

2. 09.10.2022-ലെ FWLD-A2/44/2019-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

3. 22.09.2022-ലെ FWLD-A2/44/2019-FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4. 20.01.2023-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFHDQ/5727/2022-Admin /B9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫോറസ്റ്റ് റെയിഞ്ച് ഓഫീസുകളിലും, ബന്ധപ്പെട്ട തടി ഡിപ്പോകളിലും തടി ലേലം ചെയ്യുന്നതിലെ അഴിമതി ആരോപണത്തിന്മേൽ സംസ്ഥാന വ്യാപകമായി പോലീസ് വിജിലൻസ് മിന്നൽ പരിശോധന നടത്തിയതിന്റെ ഭാഗമായി 22.02.2019-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 കടയ്ക്കാമൺ ഡിപ്പോയിലും മിന്നൽ പരിശോധന നടത്തുകയുണ്ടായി. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ കടയ്ക്കാമൺ ഗവൺമെൻറ് ടിംബർ ഡിപ്പോയിലെ ഡിപ്പോ ഓഫീസർ ശ്രീ.എ.സന്തോഷ് കുമാർ, മുൻ ഡിപ്പോ ഓഫീസർ ശ്രീ.എസ്.പ്രസന്നകുമാർ, ശ്രീ.അച്ചൻകുഞ്ഞ്.എം, ക്ലാർക്ക് എന്നീ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം (2) പ്രകാരം ശ്രീ.എ.സന്തോഷ് കുമാർ, ഡിപ്പോ ഓഫീസർ, ശ്രീ.അച്ചൻകുഞ്ഞ്.എം, ക്ലാർക്ക് എന്നിവർക്കെതിരെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 16 പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റരോപണ പത്രികയും പരാമർശം

(3) പ്രകാരം മുൻ ഡിപ്പോ ഓഫീസർ ശ്രീ.എസ്.പ്രസന്നകുമാറിനു കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾസ് 59 (d) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയും അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

ടിമ്പർ ഡിപ്പോയിലെ രജിസ്റ്റർ സൂക്ഷിക്കുന്നതിലും, സ്റ്റോക്ക് രേഖപ്പെടുത്തുന്നതിലും ഉള്ള ക്രമക്കേടുകൾക്കാണ് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കുറ്റപത്രങ്ങളും കാരണം കാണിക്കൽ നോട്ടീസും നൽകിയിട്ടുള്ളത്. മേൽ വിഷയത്തിൽ ആരോപണ വിധേയരായ എല്ലാ ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നും മനഃപ്പൂർവ്വമായ വീഴ്ചകൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. കണ്ടെത്തിയ ന്യൂനതകളിൽ ഏറിയ പങ്കും പിന്നീട് പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും തടി ഡിപ്പോയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമായ ഘടകമാണ്. ശ്രീ.അച്ചൻകുഞ്ഞ്, ക്ലാർക്ക് തസ്തികയിൽ തുടക്കക്കാരൻ ആയിരുന്നതിനാൽ ഉണ്ടായ പരിചയക്കുറവുകൊണ്ടാണ് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് കാരണമായതെന്നും അപാകതകളെല്ലാം നിലവിൽ പരിഹരിച്ചിട്ടുണ്ടെന്നും ഡിപ്പോയിൽ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ വേണ്ടത്ര സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടോയെന്ന് പരിശോധിക്കുന്നതിലുമുള്ള വീഴ്ചകൾ പരിഹരിക്കുന്നതിലും ഡിപ്പോയുടെ ചാർജ്ജുള്ള ഓഫീസർ എന്ന നിലയിൽ ശ്രീ.എ.സന്തോഷ് കുമാറിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും, പുതിയ രീതിയിലുള്ള ക്യാഷ് ബുക്ക് ഡിവിഷൻ ഓഫീസിൽ ആ സമയത്ത് ലഭ്യമായിരുന്നില്ലെന്നും, ലഭ്യമായ മുറയ്ക്ക് 22.10.2019 ലാണ് ഫോം നമ്പർ 7എ പ്രകാരമുള്ള ക്യാഷ് ബുക്ക് നൽകിയിരുന്നതെന്നും, അതിന് ശേഷം ഫോം നമ്പർ 7എ-യിൽ തന്നെയാണ് ഡിപ്പോയിൽ ക്യാഷ് ബുക്ക് തയ്യാറാക്കുന്നതെന്നും ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്ന് മനഃപ്പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്ന വാദം ശരിയാണെന്നും, 3-ാം ആരോപണത്തിന്മേലുള്ള ടിയാന്റെ മറുപടി തൃപ്തികരമാണെന്നും, ഡിപ്പോയിലെത്തിയ തടികൾ സ്റ്റോക്കിലെടുക്കുന്നതിന് നടപടിക്രമങ്ങളെല്ലാം പാലിക്കേണ്ടതുണ്ടെന്നും, കൂടാതെ കോൺട്രാക്ടർമാരാണ് ടി തടികൾ അട്ടിവയ്ക്കേണ്ടതെന്നും, തടികളുടെ സ്റ്റാക്കിംഗ് സമയത്ത് തന്നെ മേൽ പ്രവർത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും, എന്നിരുന്നാലും പരമാവധി വേഗത്തിൽ ഡിപ്പോയിലെത്തുന്ന തടികൾ സ്റ്റോക്കിലെടുക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നുണ്ടെന്നും, ഒരു ഡിപ്പോയെ സംബന്ധിച്ചിടത്തോളം സ്റ്റോക്കിലെടുത്തതും എന്നാൽ ലേലത്തിൽ വയ്ക്കാത്തതുമായ തടികളും, ലേലത്തിന് തയ്യാറാക്കി വച്ചിട്ടുള്ള തടികളും, ലേലം കഴിഞ്ഞിട്ട് നീക്കം ചെയ്യാത്ത തടികളും, സ്റ്റോക്കിൽ ഇതു വരെ എടുക്കാത്ത തടികളും ഉണ്ടായിരിക്കുമെന്നും, നടപടി ക്രമങ്ങൾ പൂർത്തിയാക്കി തടികൾ ഡിപ്പോ സ്റ്റോക്ക് നമ്പർ നൽകിയാൽ മാത്രമേ ഡിപ്പോ സ്റ്റോക്കിലെടുക്കുവാൻ കഴിയുള്ളൂവെന്നും ലേലം കൊണ്ട തടികൾ ലേലക്കാർ നീക്കം ചെയ്താൽ മാത്രമേ യഥാർത്ഥത്തിൽ ഡിപ്പോ കോമ്പൗണ്ടിലുള്ള തടികളുടെ എണ്ണവും സ്റ്റോക്കിൽ ഉള്ള തടികളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നതെന്നും, അത് കൊണ്ട് തന്നെ ഇത്തരത്തിൽ തടികൾ പൂർണ്ണമായും നീക്കം ചെയ്തതിന് ശേഷമാണ് ഡിപ്പോ രജിസ്റ്ററിൽ വേണ്ടത്ര കുറവുകൾ വരുത്തി യഥാർത്ഥ സ്റ്റോക്ക് കണ്ടെത്തി ആയത് നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തിയിരുന്നതെന്നും, എന്നാൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നതിൽ ഡിപ്പോ ഓഫീസറുടെ ഭാഗത്ത് നിന്ന് മനഃപ്പൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും, നിലവിൽ ആയത് പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും, ഒരു ഡിപ്പോയെ സംബന്ധിച്ചിടത്തോളം ടിമ്പർ സ്റ്റാക്കിംഗ്, ഡിപ്പോ കോമ്പൗണ്ട് വൃത്തിയാക്കൽ ഡിപ്പോയിലെ

അത്യാവശ്യ മെയിന്റെനൻസ് ജോലികൾ എന്നിങ്ങനെ വളരെ കുറഞ്ഞ തുകയുള്ള കുറച്ച് ജോലികൾ മാത്രമേ സാധാരണ ഗതിയിൽ ഉണ്ടാകാറുള്ളുവെന്നും, ഡിപ്പോ ഓഫീസർ ബില്ലുകളുടെ മൂന്ന് പകർപ്പുകൾ ഡിവിഷൻ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് ആയത് പാസാക്കി കോൺട്രാക്ടർക്ക് ബിൽ തുക ട്രഷറി മുഖാന്തിരം നൽകുന്നതെന്നും, പാസാക്കിയ ബില്ലിന്റെ ഒരു കോപ്പി ഡിപ്പോ ഓഫീസിലേയ്ക്ക് തിരികെ നൽകുകയും ചെയ്യുമെന്നും, ഇത്തരത്തിൽ പാസാക്കിയ ബില്ലിന്റെ കോപ്പി ഡിവിഷൻ ഓഫീസിൽ നിന്നും ശേഖരിച്ച് ഫയലിൽ സൂക്ഷിക്കേണ്ട ജോലി ഡിപ്പോ ഓഫീസർക്ക് ഉണ്ടെന്നും, ടി ഉത്തരവാദിത്വം നിറവേറ്റുന്നതിൽ ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്നും, ഡിപ്പോ ഓഫീസർ എന്ന നിലയിലുള്ള പരിചയക്കുറവാണ് ഇത്തരത്തിലുള്ള റിപ്പോർട്ടിന് കാരണമായതെന്നും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ആരോപണങ്ങളെല്ലാം ഇതിനോടകം തന്നെ പരിഹരിച്ചിട്ടുണ്ടെന്നും, രജിസ്റ്റർ സൂക്ഷിക്കുന്ന കാര്യത്തിൽ തുടർ നടപടി ഉറപ്പുവരുത്തുമെന്നും, ശ്രീ.എ.സന്തോഷ് കുമാർ, മുൻ ഡിപ്പോ ഓഫീസർ, ശ്രീ.അച്ചൻകുഞ്ഞ്, ക്ലാർക്ക് എന്നിവരുടെ പ്രവൃത്തികളിൽ അഴിമതിയോ സർക്കാർ നഷ്ടമോ മറ്റ് ക്രമക്കേടുകളോ ഉണ്ടായിട്ടില്ലെന്നും, ആയതിനാൽ ടിയാന്മാരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ശ്രീ.എസ്.പ്രസന്നകുമാർ 31.05.2022-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും മാനുഷിക പരിഗണന നൽകി തുടർ നടപടികളിൽ നിന്നും ഒഴിവാക്കാമെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വിശദീകരണവും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അഭിപ്രായവും പരിഗണിച്ച് സർവീസിൽ തുടരുന്ന ശ്രീ.എ.സന്തോഷ് കുമാർ, ഡിപ്പോ ഓഫീസർ, ശ്രീ.അച്ചൻകുഞ്ഞ്, ക്ലാർക്ക് എന്നിവർക്ക് ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവധാനതയോടെ ചെയ്യുന്നതിനായി സെൻഷർ (ശാസന) നൽകി കൊണ്ടും, സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.എസ്.പ്രസന്നകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജി.സന്തോഷ് കുമാർ, ഡിപ്പോ ഓഫീസർ

ശ്രീ.അച്ചൻകുഞ്ഞ്.എം, ക്ലാർക്ക്

ശ്രീ.എസ്.പ്രസന്നകുമാർ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് ( 177/ഇ4/2019/വിജ്. പ്രകാരം)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 13-03-2023 10:39:22
സെക്ഷൻ ഓഫീസർ